(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പാഠ്യപദ്ധതി പരിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി, കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ഓരോ സിലബസും മൂന്നുവർഷത്തിലൊരിക്കൽ പരിഷ്കരിച്ചുവരുന്നു. യു.ജി. പ്രോഗ്രാമുകളിൽ Industry based course-കളും കൂടാതെ Apprenticeship Embedded Degree Course-കളും തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികളും കൈക്കൊണ്ടുവരുന്നു. കൂടുതൽ Inter-disciplinary, New Generation Course-കൾ തുടങ്ങാൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ**

88(2808) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ ഏതൊക്കെയെന്നും ഇപ്പോൾ നൽകിവരുന്ന തുക ഏതുവർഷമാണ് അവസാനമായി പരിഷ്കരിച്ചതെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇത്തരത്തിലുള്ള സ്കോളർഷിപ്പുകൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, പൂർണ്ണമായും മെറിറ്റ് അടിസ്ഥാനമാക്കി, എന്നിങ്ങനെ വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് സ്കോളർഷിപ്പുകൾ അനുവദിക്കുന്നത്.

**കാലടി സംസ്കൃത സർവ്വകലാശാല**

89(2809) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ സംസ്കൃത സാഹിത്യ ബിരുദാനന്തര ബിരുദ പരീക്ഷയുടെ ഉത്തരക്കടലാസുകൾ കാണാനില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly